07
2026
ആഗസ്റ്റ്
വെള്ളി
കർക്കിടകം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 156 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-156 | പേജ് 4. വില 2.00 രൂപ



# കെഎഫ്സിയെ രാജ്യത്തെ മികച്ച സംസ്ഥാന ധനകാര്യ സ്ഥാപനമാക്കും: മുഖ്യമന്ത്രി വി ഡി സതീശൻ



കെഎഫ്സിയുടെ ആഭിമുഖ്യത്തിൽ വിപുലീകരിച്ച 'മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി മൂന്നാം എഡിഷൻ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ (കെഎഫ്സി) ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാന സർക്കാർ ധനകാര്യ സ്ഥാപനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കെഎഫ്സിയുടെ ആഭിമുഖ്യത്തിൽ വിപുലീകരിച്ച 'മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി'യുടെ മൂന്നാം എഡിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാടിന്റെ മാറ്റത്തിന് സഹായകരമാകുന്ന തരത്തിലുള്ള സംരംഭങ്ങൾക്ക് കെഎഫ്സി പ്രചോദനമാകണം. ഈ ആശയം മുൻനിർത്തിയാണ് ബജറ്റിൽ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം സംരംഭകർക്ക് നൽകുന്ന വായ്പാ പരിധി രണ്ട് കോടി രൂപയിൽ നിന്ന് അഞ്ച് കോടി രൂപയായി ഉയർത്തിയത്. പദ്ധതിയിലെ മുഖ്യ പ്രമോട്ടർമാരുടെ പ്രായപരിധി 50 വയസ്സിൽ നിന്ന് 60 വയസ്സായും വർധിപ്പിച്ചു. വലിയ സംരംഭങ്ങൾക്കുള്ള വായ്പാ പരിധി 50 കോടി രൂപയിൽ നിന്ന് 100 കോടി രൂപയായും ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പതിനായിരം ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പുതിയ ആശയങ്ങളുമായി എത്തുന്ന യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെഎഫ്സി ആറ് ശതമാനം പലിശ നിരക്കിൽ വായ്പ നൽകും. യുവ സംരംഭകർക്ക് സാങ്കേതിക, മാനേജ്മെന്റ് മേഖലകളിൽ മാർഗനിർദേശങ്ങൾ നൽകുന്നതിനായി മുതിർന്ന പൗരന്മാരെയും വിരമിച്ച വിദഗ്ധരെയും ഉൾപ്പെടുത്തി മെന്ററിങ് സംവിധാനം സർക്കാർ ഒരുക്കും. മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്ത് യുവാക്കളുടെ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തി രണ്ട് തലമുറകളെ ക്രിയാത്മകമായി ബന്ധിപ്പിക്കുന്ന 'സിൽവർ ഇക്കോണമി' ആശയമാണ് സർക്കാർ നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

വായ്പ അനുവദിച്ചതിന് ശേഷം സംരംഭകർക്ക് ആവശ്യമായ പിന്തുണയും മേൽനോട്ടവും നൽകുന്നതിൽ കെഎഫ്സി കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. സംരംഭങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ റിക്കവറി നോട്ടീസ് അയക്കുന്നതിന് പകരം, അവരെ ശരിയായ ദിശയിലേക്ക് നയിക്കുന്ന സംവിധാനമാണ് ഉണ്ടാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

നൂറ് കോടി രൂപയിലധികം ലാഭം നേടിയ കെഎഫ്സിയുടെ നിലവിലെ ആസ്തി പതിനായിരം കോടി രൂപയാണെന്നും ഇത് ഭാവിയിൽ അമ്പതിനായിരം കോടി രൂപയായി ഉയർത്തുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തെ നിക്ഷേപ അന്തരീക്ഷത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറിവരികയാണെന്നും കൂടുതൽ നിക്ഷേപകർ കേരളത്തിലേക്ക് എത്തുന്നത് കെഎഫ്സിയുടെ ഉത്തരവാദിത്തം കൂടുതൽ വർധിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരമുള്ള ആദ്യ വായ്പകളുടെ വിതരണവും സംരംഭകർക്കുള്ള കാർഡ് വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു.

കെഎഫ്സി യുടെ പുതിയ വായ്പാ പദ്ധതിയിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ചെറുകിട, ഇടത്തരം സംരംഭകർക്ക് വലിയ പിന്തുണ ഉറപ്പാക്കാനും കഴിയുമെന്ന് മന്ത്രി കെ മുരളീധരൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ വിവിധ വികസന പദ്ധതികളിൽ നിർണായക പിന്തുണ നൽകുന്ന സ്ഥാപനമാണ് കെഎഫ്സിയെന്ന് മന്ത്രി സി പി ജോൺ അഭിപ്രായപ്പെട്ടു. പരിപാടിയിൽ വിശിഷ്ടാതിഥിയായി സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ പദ്ധതിയിലൂടെ സംരംഭകർക്ക് പദ്ധതിച്ചെലവിന്റെ 90 ശതമാനം വരെ വായ്പയായി ലഭിക്കുമെന്നത് വലിയ നേട്ടമാണെന്നും കൂടാതെ, ആദ്യ ഒരു വർഷം വായ്പയ്ക്ക് തിരിച്ചടവ് ആവശ്യമില്ലാത്ത മൊറട്ടോറിയം അനുവദിക്കുന്നതും കേവലം 6 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാകുന്നതും സംരംഭകർക്ക് ഏറെ ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ സെക്രട്ടറി രത്തൻ യു ഖേൽക്കർ, കെഎഫ്സി മാനേജിങ് ഡയറക്ടർ ഉമേഷ് എൻ എസ് കെ, എക്സിക്യൂട്ടീവ് ഡയറക്ടർ പ്രേംനാഥ് രവീന്ദ്രനാഥ്, വാർഡ് കൗൺസിലർ കെ ആർ ക്ലീറ്റസ് തുടങ്ങിയവർ പങ്കെടുത്തു.

# ഇവിഎമ്മുകളിൽ ക്രമക്കേടില്ലെന്ന് വരുത്തിതീർക്കാൻ ശ്രമം; ബിജെപി മനഃപൂർവം തോറ്റതാണെന്ന് അഖിലേഷ് യാദവ്

ലഖ്നോ: ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ക്രമക്കേടില്ലെന്ന് വരുത്തി തീർക്കാൻ ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപി മനഃപൂർവം തോറ്റതാണെന്ന് സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. ബിഹാറിലെ ബങ്കിപൂർ, മധ്യപ്രദേശിലെ ദതിയ മണ്ഡലങ്ങളെ കുറിച്ചായിരുന്നു അഖിലേഷിൻറെ പരാമർശം.

ണ്ട് നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലും ബോധപൂർവം ബിജെപി തോറ്റതാണെന്നാണ് അഖിലേഷ് യാദവ് ആരോപിച്ചു. ഇവിഎമ്മുകളെ കുറിച്ചുള്ള പ്രതിപക്ഷത്തിൻറെ വിമർശനങ്ങളെ പ്രതിരോധിക്കാനും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുമാണ് ബിജെപി ശ്രമമെന്ന് അഖിലേഷ് യാദവ് പറഞ്ഞു.സോഷ്യലിസ്റ്റ് നേതാവ് ജനേശ്വർ മിശ്രയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അഖിലേഷ്. ഉത്തർപ്രദേശ്, പശ്ചിമബംഗാൾ തെരഞ്ഞെടുപ്പുകളിൽ ബിജെപി ഉപയോഗിച്ച മോഡൽ ഈ ഉപതെരഞ്ഞെടുപ്പുകളിൽ മനഃപൂർവം ഒഴിവാക്കിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ക്രമക്കേട് നടത്താതെ തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാനും തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാണെന്ന് വരുത്തിത്തീർക്കാനും ബിജെപി തോറ്റു കൊടുക്കുകയായിരുന്നുവെന്നും അഖിലേഷ് യാദവ് കൂട്ടിച്ചേർത്തു.

# കേരളത്തിൽ ശക്തമായ മഴ തുടരും; മൂന്ന് ജില്ലകളിൽ റെഡ് അലർട്ട്

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് (ഓഗസ്റ്റ് 6) പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. 24 മണിക്കൂറിൽ 204.4 മില്ലിമീറ്ററിലധികം മഴ ലഭിക്കാനുള്ള സാധ്യതയാണ് റെഡ് അലർട്ട് സൂചിപ്പിക്കുന്നത്.

ഇന്ന് കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ഓഗസ്റ്റ് 7-ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് നിലവിലുണ്ടാകും. 24 മണിക്കൂറിൽ 115.6 മുതൽ 204.4 മില്ലിമീറ്റർ വരെ മഴ ലഭിക്കാനുള്ള സാധ്യതയെയാണ് ഓറഞ്ച് അലർട്ട് സൂചിപ്പിക്കുന്നത്.

ഇന്ന് തിരുവനന്തപുരം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും, ഓഗസ്റ്റ് 7-ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലും മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഓഗസ്റ്റ് 8-ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മഞ്ഞ അലർട്ട് തുടരും. 24 മണിക്കൂറിൽ 64.5 മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കാനുള്ള സാധ്യതയെയാണ് മഞ്ഞ അലർട്ട് സൂചിപ്പിക്കുന്നത്. അതിതീവ്ര മഴയുടെ സാഹചര്യത്തിൽ മലവെള്ളപ്പാച്ചിൽ, മിന്നൽ പ്രളയം, നഗരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ അപകടസാധ്യതകൾ വർധിക്കുമെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. പൊതുജനങ്ങളും ബന്ധപ്പെട്ട സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

# ബി.ടെക് ലാറ്ററൽ എൻട്രി: സ്പോട്ട് അഡ്മിഷൻ

കേരള സർക്കാർ ഗതാഗതവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനിയറിങ്ങിൽ ഒഴിവുള്ള ബി.ടെക് ലാറ്ററൽ എൻട്രി സീറ്റുകളിലേക്ക് ആഗസ്റ്റ് 10 രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. LET റാങ്ക് ഉള്ളവർക്കും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക്: www.sctce.ac.in ഫോൺ നമ്പർ: 0471 2490572/2490772.

# 'ലാബ് ഓൺ വീൽസ്" പദ്ധതിക്ക് തുടക്കം; മുഖ്യമന്ത്രി ഫ്ലാഗ്ഓഫ് ചെയ്തു

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഡിഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം കേരള (അസാപ്) നടപ്പാക്കുന്ന 'ലാബ് ഓൺ വീൽസ്' പദ്ധതി തിരുവനന്തപുരം വനിതാ കോളേജിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിലെ ആദ്യത്തെ മൊബൈൽ എക്സ്പീരിയൻഷ്യൽ ലേണിംഗ് ലബോറട്ടറിയായ ഈ സംരംഭം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, കോഡിംഗ്, മൈക്രോകൺട്രോളറുകൾ, ഇലക്ട്രോണിക്സ്, ത്രീഡി ഡിസൈനിംഗ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകും.

നഗര, ഗ്രാമ, തീരദേശ, ആദിവാസി, മലനിര, മറ്റ് വിദൂര മേഖലകൾ ഉൾപ്പെടെ കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും ലാബ് ഓൺ വീൽസ് എത്തും. എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ സാങ്കേതിക വിദ്യാഭ്യാസവും വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രായോഗിക പഠനാനുഭവവും ഉറപ്പാക്കുക, സാങ്കേതിക മേഖലയിലെ തൊഴിൽസാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സർക്കാർ, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായ മേഖല എന്നിവ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

സ്ഥാന സർക്കാരും അസാപ് കേരളയും ഇൻഫോസിസും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി ആയിരക്കണക്കിന് വിദ്യാർഥികൾക്ക് നൂതന സാങ്കേതിക വിദ്യകളിലേക്കുള്ള സമതുലിതമായ പ്രവേശനം ഉറപ്പാക്കുകയും ഡിജിറ്റൽ നൈപുണ്യം, നവീന ചിന്ത, പ്രശ്നപരിഹാരശേഷി എന്നിവ വളർത്തുകയും ചെയ്യും. വിജ്ഞാനാധിഷ്ഠിതവും ആഗോളതലത്തിൽ മത്സരക്ഷമവുമായ ഭാവി തൊഴിൽശക്തിയെ വാർത്തെടുക്കാനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് കൂടുതൽ കരുത്തേകുന്ന പദ്ധതിയാണിത്.

ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, അസാപ് കേരള ചീഫ് ഫിനാൻസ് ഓഫീസർ പ്രീതി ലിയാനോൾഡ്, അസാപ് കേരള ട്രെയിനിംഗ് വിഭാഗം മേധാവി ലൈജു ഐ പി, ഗവ. വനിതാ കോളേജ് പ്രിൻസിപ്പൽ ടി ചിത്ര, ഇൻഫോസിസ് പ്രതിനിധികളായ സുനിൽ ജോസ്, സന്തോഷ് ആനന്തപുര എന്നിവർ പങ്കെടുത്തു.



ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം കേരള (അസാപ്) നടപ്പാക്കുന്ന ലാബ് ഓൺ വീൽസ് തിരുവനന്തപുരം വനിതാ കോളേജിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഫ്ലാഗ്ഓഫ് ചെയ്യുന്നു

## ഏജൻസികളെ ക്ഷണിച്ചു

ശബരിമല സന്നിധാനത്തെയും പമ്പയിലെയും അജൈവ മാലിന്യങ്ങളും സ്ക്രാപ്പ് വസ്തുക്കളും ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി താൽപ്പര്യമുള്ള ഏജൻസികളിൽ നിന്ന് ക്ലീൻ കേരള കമ്പനി താൽപ്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.cleankeralacompany.com സന്ദർശിക്കുക.

## വ്യാവസായിക ട്രൈബ്യൂണൽ സിറ്റിങ്

വ്യാവസായിക ട്രൈബ്യൂണലും ഇൻഷുറൻസ് കോടതിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ആഗസ്റ്റ് മാസത്തിൽ പാലക്കാട്, പെരിന്തൽമണ്ണ, മഞ്ചേരി എന്നിവിടങ്ങളിൽ സിറ്റിങ് നടക്കും. ആഗസ്റ്റ് 10, 11, 17, 18, 24, 31 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് (ഞളഛ) കോടതി ഹാളിലും, ആഗസ്റ്റ് 14, 21 തീയതികളിൽ മഞ്ചേരിയിലെ മാധവൻ നായർ സ്മാരക മന്ദിരം (പഴയ മുൻസിപ്പൽ ഓഫീസ് ഹാൾ) എന്നിവിടങ്ങളിലുമാണ് സിറ്റിങ് നടക്കുക. ഈ ദിവസങ്ങളിൽ തൊഴിൽ തർക്ക - ഇൻഷുറൻസ് - എംപ്ലോയീസ് കോമ്പൻസേഷൻ കേസുകൾ വിചാരണ ചെയ്യും.

## പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

ആഗസ്റ്റ് 8, 9 തീയതികളിൽ കെ-ടെറ്റ് പരീക്ഷ നടത്തുവാൻ നിശ്ചയിച്ചിരുന്ന തിരുവല്ല എം ജി എം എച്ച് എസ്-ൽ വിദ്യാഭ്യാസ മഴക്കെടുതിമൂലം ജില്ലയിലെ പരീക്ഷ തിരുവല്ല നടത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത പരീക്ഷാ കേന്ദ്രം ലഭിച്ച പരീക്ഷാർത്ഥികൾ തിരുവല്ല എസ് സി എസ് എച്ച് എസ് (37045) പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതണം. കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ കിടങ്ങറ ഗവ. എച്ച് എസ് എസ്-ൽ മഴക്കെടുതിമൂലം പരീക്ഷ നടത്താൻ സാധിക്കാത്തതിനാൽ പകരം ആലപ്പുഴ സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് എസ് (35006) എന്ന പരീക്ഷ കേന്ദ്രത്തിൽ പരീക്ഷ എഴുതണം. നിലവിൽ ലഭ്യമായ ഹാൾടിക്കറ്റ് ഉപയോഗിച്ച് തന്നെ പരീക്ഷയ്ക്ക് ഹാജരാകേണം.

# ഷെയ്ഖ് ഹസീനയുടെ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു; ഷാക്കിബ് അൽ ഹസൻറെ വീടിന് നേരെ ബോംബേറ്

ധാക്ക: വിദ്യാർഥി പ്രക്ഷോഭത്തെ തുടർന്ന് ഇന്ത്യയിൽ അഭയം തേടിയ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ വാർത്താസമ്മേളനത്തിൽ പങ്കെടുത്തുവെന്ന് ആരോപിച്ച് ബംഗ്ലാദേശ് മുൻ ക്രിക്കറ്റ് ക്യാപ്റ്റൻ ഷാക്കിബ് അൽ ഹസൻറെ വീടിന് നേരെ ബോംബേറ്.മഗുര ടൗണിലെ കേശബ് മോറിലുള്ള കുടുംബവീടിന് നേരെ ആണ് ആക്രമണം ഉണ്ടായത്. ബോംബ് ആക്രമണത്തിന് പിന്നാലെ വീട് തല്ലിത്തക!ർക്കുകയും ചെയ്തു. വീടിന് നേരെ ആക്രമണം നടന്നതായി ബംഗ്ലാദേശ് അവാമി ലീഗ് എക്സിലൂടെ സ്ഥിരീകരിച്ചിട്ടുണ്ട്.ആസൂത്രിത ആക്രമണമാണെന്നും ഫാസിസത്തിന്റെ വ്യക്തമായ ലക്ഷണമാണെന്നും അവാമി ലീഗ് വിമ!ർശിച്ചു. ഡൽഹിയിൽ നിന്നാണ് ഷെയ്ഖ് ഹസീന വെർചൽ വാർത്താസമ്മേളനം നടത്തിയത്. ബംഗ്ലാദേശിലേക്ക് തിരികെ പോകുമെന്ന് ഷെയ്ഖ് ഹസീന വാർത്താസമ്മേളനത്തിൽ ആവർത്തിച്ചിരുന്നു.ബുധനാഴ്ച പ്രാദേശിക സമയം രാത്രി 8:45 ഓടെ ആണ് ആക്രമണം ഉണ്ടായത്. ഷാക്കിബ് അൽ ഹസൻറെ വീടിന് നേരെ നടന്ന പെട്രോൾ ബോംബാക്രമണം ജനാധിപത്യ സംരക്ഷണത്തിൻറെ പേരിൽ അവാമി ലീഗ് പ്രവർത്തകർക്കെതിരെ നടക്കുന്ന വംശഹത്യയുടെ തുടർച്ചയാണെന്നും ബംഗ്ലാദേശ് അവാമി ലീഗ് വിമ!ർശിച്ചു.



തിരുവനന്തപുരം പേരൂർക്കട എസ്എപി പരേഡ് ഗ്രൗണ്ടിൽ നടന്ന സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കുന്നു

07
2026
ആഗസ്റ്റ്
വെള്ളി
കർക്കിടകം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 156 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-156 | പേജ് 4. വില 2.00 രൂപ

# മുത്തങ്ങ കേസ് വിധിയിൽ പിഴവ്, അപ്പീലിൽ ഹൈക്കോടതി നോട്ടീസ്




കൊച്ചി: മുത്തങ്ങയിൽ പോലീസുകാരനെ വധിക്കാൻ ശ്രമിച്ച കേസിലെ ശിക്ഷാവിധിയിൽ പിഴവുകൾ ഉണ്ടെന്ന് ഹൈക്കോടതി. പ്രതികളുടെ അപ്പീൽ പരിഗണിക്കവെയാണ് കോടതിയുടെ പരാമർശം. അപ്പീലിൽ സർക്കാരിനും സിബിഐക്കും കോടതി നോട്ടീസ് അയച്ചു.മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട കേസിൽ പോലീസ് കോൺസ്റ്റബിൾ അബ്ദുൽ സലാം, ഫോറസ്റ്റർ ശശിധരൻ എന്നിവരെ ആക്രമിച്ച കേസിൽ വിധിച്ച ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ആദിവാസി ഗോത്ര മഹാസഭാ നേതാവ് എം. ഗീതാനന്ദൻ ഉൾപ്പെടെയുള്ളവരാണ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്.ഗീതാനന്ദൻ, മൂന്നാം പ്രതി ബിനു, അഞ്ചാം പ്രതി രമേശൻ കോയാലിപ്പുര, പതിനൊന്നാം പ്രതി അനിൽകുമാർ എന്നിവർക്ക് കൽപറ്റ സെഷൻസ് കോടതി വിധിച്ച 5 വർഷം കഠിന തടവിനെതിരെയാണ് അപ്പീൽ. വിചാരണക്കോടതിയുടെ ഉത്തരവ് പൂർണമായി റദ്ദാക്കണമെന്നും തങ്ങളെ കുറ്റവിമുക്തരാക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.പ്രഥമദൃഷ്ട്യാ കുറ്റം നിലനിൽക്കുന്നു എന്ന് അന്തിമ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നതിനെ ജസ്റ്റീസ് എ. ബദറുദ്ദീൻ അധ്യക്ഷനായ ബെഞ്ച് ചോദ്യം ചെയ്തു. അന്തിമ ഉത്തരവിൽ 'പ്രഥമദൃഷ്ട്യാ' എന്ന പ്രയോഗം വരാറില്ല, അത് എങ്ങനെയാണ് നിലനിൽക്കുന്നതെന്ന് കോടതി ചോദിച്ചു. ഈ സാഹചര്യത്തിലാണ് വിധിയിൽ പിഴവുകൾ ഉണ്ടെന്നും അവ സൂക്ഷ്മമായി പരിശോധിക്കണമെന്നും കോടതി നിലപാട് സ്വീകരിച്ചത്.പ്രതികൾ 23 വർഷമായി കേസിൻറെ പിന്നാലെ നടക്കുകയാണെന്നും ഇനി ശിക്ഷ മരവിപ്പിക്കണമെന്നുമാണ് പ്രതിഭാഗം ആവശ്യപ്പെട്ടത്. എന്നാൽ ശിക്ഷ മരവിപ്പിക്കാൻ കോടതി തയാറായില്ല. സർക്കാരിൻറെയും സിബിഐയുടെയും വാദം കേൾക്കാതെ തീരുമാനമെടുക്കാനാകില്ലെന്നാണ് കോടതി വ്യക്തമാക്കിയത്. കേസ് ബുധനാഴ്ച വീണ്ടും പരിഗണിക്കും.

# ലൈംഗികാതിക്രമ കേസ്; തരുൺ തേജ്പാലിന് 10 വർഷം കഠിനതടവ്




മുംബൈ: സഹപ്രവർത്തകയോട് ലൈംഗികാതിക്രമം കാട്ടിയെന്ന കേസിൽ തെഹൽക്ക മുൻ എഡിറ്റർ-ഇൻ-ചീഫ് തരുൺ തേജ്പാലിന് പത്തുവർഷത്തെ കഠിനതടവ് വിധിച്ച് ബോംബെ ഹൈക്കോടതി. പത്തു ലക്ഷം രൂപ പിഴയായും ഒടുക്കാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്.

ജസ്റ്റീസ് നീല ഗോഖലെ, ജസ്റ്റീസ് അമിത് സംദെക്കർ എന്നിവരടങ്ങിയ ബെഞ്ചാണ് കേസിൽ വിധി പ്രസ്താവിച്ചത്. കുറ്റകൃത്യത്തിന് ശേഷം ഇരയായ സഹപ്രവർത്തകയ്ക്ക് തരുൺ തേജ്പാൽ അയച്ച ഇമെയിൽ സന്ദേശങ്ങൾ കോടതി പ്രധാന തെളിവായി പരിശോധിച്ചു. തനിക്ക് ഇപ്പോൾ 62 വയസായെന്നും താനാണ് യഥാർഥത്തിൽ ഇരയാക്കപ്പെട്ടതെന്നും തരുൺ തേജ്പാൽ കോടതിയിൽ വാദിച്ചിരുന്നു. എന്നാൽ, അച്ഛൻറെ പ്രായമുള്ള ഒരാളിൽ നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത അങ്ങേയറ്റം ഗൗരവമേറിയ കുറ്റകൃത്യമാണിതെന്ന് കോടതി നിരീക്ഷിച്ചു.

2013 നവംബർ ഏഴ്, എട്ട് തീയതികളിൽ ഗോവയിലെ ഒരു സ്വകാര്യ റിസോർട്ടിൽ വച്ച് മാധ്യമപ്രവർത്തകയായ സഹപ്രവർത്തകയോട് തരുൺ തേജ്പാൽ ലൈംഗിക അതിക്രമം കാണിച്ചുവെന്നായിരുന്നു പരാതി. തേജ്പാലിനെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള വിചാരണക്കോടതി ഉത്തരവ് തള്ളിക്കൊണ്ട് ഇയാൾ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിരുന്നു. ഗോവ സർക്കാരാണ് വിചാരണക്കോടതി ഉത്തരവിനെതിരേ ഹൈക്കോടതിയെ സമീപിച്ചത്.

# ഐകാർ – നാർമുമായി ധാരണാപത്രം ഒപ്പുവെച്ച് കുഫോസ്

മത്സ്യബന്ധനം, അക്വാകൾച്ചർ, നീല സമ്പദ്‌വ്യവസ്ഥ (Blue Economy) എന്നീ മേഖലകളിലെ അക്കാദമിക-ഗവേഷണ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്) ഹൈദരാബാദിലെ ഐകാർനാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റുമായി (ICAR-NAARM) ധാരണാപത്രം (MoU) ഒപ്പുവെച്ചു.

സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ, വിദ്യാർഥി-അധ്യാപക കൈമാറ്റം, ശേഷിവികസന പരിപാടികൾ, സംയുക്ത അധ്യാപന-വിപുലീകരണ പ്രവർത്തനങ്ങൾ, മോഡലിങ് പഠനങ്ങൾ, മത്സ്യ-സമുദ്ര ശാസ്ത്ര മേഖലയിലെ ഉയർന്നുവരുന്ന ഗവേഷണ മേഖലകളിലെ സഹകരണം എന്നിവയ്ക്ക് ധാരണാപത്രം വഴിയൊരുക്കും. കൂടാതെ, സംയുക്ത അക്കാദമിക പരിപാടികൾ, സ്ഥാപനങ്ങൾ തമ്മിലുള്ള പങ്കാളിത്തം, നയരൂപീകരണവുമായി ബന്ധപ്പെട്ട സംയുക്ത ഇടപെടലുകൾ എന്നിവയും ഇതിലൂടെ പ്രോത്സാഹിപ്പിക്കപ്പെടും.

കൃത്യമായ ജൈവ, ഭൂമിശാസ്ത്ര, സാങ്കേതിക-സാമ്പത്തിക വിവരങ്ങളുമായി കൃത്രിമ ബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുമ്പോൾ അക്വാകൾച്ചർ, മാരികൾച്ചർ പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാനാകും. ഈ സാധ്യത പൂർണമായും പ്രയോജനപ്പെടുത്താൻ ബഹുവിഷയ ഗവേഷണവും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനവും മത്സ്യശാസ്ത്രം, സാങ്കേതികവിദ്യ, അക്കാദമിക മേഖലകൾ എന്നിവ തമ്മിലുള്ള ശക്തമായ സഹകരണവും അനിവാര്യമാണെന്ന് ചടങ്ങിൽ വിലയിരുത്തി. ഹൈദരാബാദിൽ ICAR-NAARM സംഘടിപ്പിച്ച "Blue Economy, AI-Enabled ങമൃശരൗഹ്ൗേൃല മിറ ഞലലെമൃരവ കിീ്മശേീ' എന്ന ഫ്ലാഗ്ഷിപ്പ് കൺസൾട്ടേഷന്റെ ഉദ്ഘാടനച്ചടങ്ങിനിടെയാണ് ധാരണാപത്രം കൈമാറിയത്.ICAR-NAARM ഡയറക്ടർ ഡോ. രമൺ മീനാക്ഷി സുന്ദരം, കുഫോസ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എ. ബിജു കുമാർ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ദിനേശ് കൈപ്പിള്ളി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## പ്രളയ – മണ്ണിടിച്ചിൽ ദുരന്തങ്ങൾ തടയാൻ നദികളിലെയും കായലുകളിലെയും മണൽ നീക്കം ചെയ്യണം

തിരുവനന്തപുരം:കേരളത്തിൽ ആവർത്തിച്ചുണ്ടാകുന്ന പ്രളയവും മണ്ണിടിച്ചിലും ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനായി കായലുകളിലും നദികളിലും പുഴകളിലും വർഷങ്ങളായി അടിഞ്ഞുകൂടിയ മണൽ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള സമഗ്ര നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്ന് സാമൂഹ്യപ്രവർത്തകനായ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്. പി. സ്റ്റെല്ലസ് ആവശ്യപ്പെട്ടു.

കടലുമായി ചേരുന്ന അഴിമുഖങ്ങളിലും പൊഴിമുഖങ്ങളിലും ശാസ്ത്രീയ ഡ്രഡ്ജിംഗ് പതിവായി നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇത്തരം പ്രദേശങ്ങളിൽ അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്യുന്നതിലൂടെ മത്സ്യബന്ധന ബോട്ടുകൾക്കും മറ്റ് ചെറുകിട ജലഗതാഗത സംവിധാനങ്ങൾക്കും തടസമില്ലാതെ സുരക്ഷിതമായി സഞ്ചരിക്കാൻ സാധിക്കും. കൂടാതെ, കേരളത്തിലെ വലുതും ചെറുതുമായ നിരവധി മത്സ്യബന്ധന ഹാർബറുകളിലും പ്രത്യേകിച്ച് പുലിമുട്ടുകൾക്ക് സമീപം നിലവിൽ നേരിടുന്ന അപകടസാധ്യതകൾ കുറയ്ക്കാനും ഇത് സഹായകമാകും.

കായലുകളിലും അഴിമുഖങ്ങളിലും ആവശ്യമായ ആഴം നിലനിർത്തുന്നതിലൂടെ ജലപ്രവാഹം മെച്ചപ്പെടുകയും വെള്ളക്കെട്ട് കുറയുകയും ചെയ്യുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ചശേഷം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമീപനത്തിന് പകരം ദുരന്തസാധ്യത കുറയ്ക്കുന്ന മുൻകരുതൽ നടപടികൾക്ക് സർക്കാർ പരമപ്രാധാന്യം നൽകണമെന്നും പി. സ്റ്റെല്ലസ് അഭ്യർഥിച്ചു.

## മുതലപ്പൊഴിയിൽ ഷിജിനുവേണ്ടി തെരച്ചിലിന് മുങ്ങൽ വിദഗ്ധരെത്തി

ചിറയിൻകീഴ്: മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട ഷിജിനു വേണ്ടിയുള്ള തെരച്ചിൽ തുടരുന്നു. ഇന്നലെ ഇവരുടെ സഹായത്തോടെ തെരച്ചിൽ ആരംഭിച്ചെങ്കിലും അടിത്തട്ടു കാണാനാകുന്നില്ലെന്നു പറഞ്ഞ് അവർ പിന്മാറി. ഇന്നു രാവിലെ വീണ്ടും തെരച്ചിൽ ആരംഭിക്കും. അഞ്ചുതെങ്ങ് കൊച്ചുമേത്തൻ കടവ് ഷെക്കേന ഭവനിൽ ഷിജി(32)നെയാണ് ഇനി കണ്ടെത്താനുള്ളത്.

അപകടസമയത്തെ ഒഴുക്ക് തെക്ക് ദിശയിലേക്കായതിനാൽ വേളി, പള്ളിത്തുറ, തുമ്പ തീരങ്ങളിൽ വ്യോമ-ജല മാർഗങ്ങളിലൂടെ പരിശോധനകൾ നടത്തിയിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച രാത്രി ഒന്പതിനു സംഭവിച്ച അപകടത്തിനു ശേഷം, കാണാതായ ഷിജിനായി കുടുംബം ആറു ദിവസമായി കാത്തിരിപ്പു തുടരുകയാണ്. ബന്ധുക്കൾ സ്വന്തം റിസ്കിൽ സ്കൂബ ഡൈവിംഗ് ടീമിനെ കൊണ്ടുവന്നു തെരച്ചിൽ നടത്താൻ ശ്രമിച്ചപ്പോൾ വിവിധ പേപ്പറുകളിൽ ഒപ്പിട്ടു നൽകേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിരുന്നു. ഇതു സംബന്ധിച്ച് ബന്ധുക്കൾ പരാതിയുന്നയിച്ചിരുന്നു.

തുടർന്നു കോസ്റ്റൽ പോലീസ് വിഴിഞ്ഞത്തുനിന്നു മുങ്ങൽ വിദഗ്ധരെ എത്തിച്ചാണു തെരച്ചിൽ തുടർന്നത്. സർക്കാർ സംവിധാനങ്ങളുടെ തെരച്ചിലുകൾ പ്രഹസനമാണെന്നും ബന്ധുക്കൾ ആക്ഷേപം ഉന്നയിക്കുന്നുണ്ട്. കോസ്റ്റ് ഗാർഡിൻറെ ബോട്ടുവന്നു രണ്ടുമൂന്നു റൗണ്ട് തെരച്ചിൽ നടത്തിയെങ്കിലും കാലാവസ്ഥ മോശമാണെന്നു പറഞ്ഞ് മടങ്ങിപ്പോവുകയാണ് ചെയ്യുന്നത്.

## തുറമുഖങ്ങളിൽ മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ തുടരും

കേരള, കർണാടക തീരങ്ങളിലും ലക്ഷദ്വീപ് മേഖലയിലും മണിക്കൂറിൽ 40–50 കിലോമീറ്റർ വേഗതയിലും മണിക്കൂറിൽ 60 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തുറമുഖങ്ങളിലും ലോക്കൽ കാഷനറി സിഗ്നൽ നമ്പർ III (മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ) തുടർന്നും ഉയർത്തി നിർത്താൻ ഇന്ത്യൻ കാലാവസ്ഥ വകുപ്പ് നിർദേശം നൽകി.




## മൂന്ന് മക്കളെ നഷ്ടപ്പെട്ട അമ്മ ആവശ്യപ്പെട്ടാൽ മാത്രമേ അന്വേഷണം ഊർജിതമാകൂ?

### ഇതാണോ ജനാധിപത്യ ഭരണകൂടം:പി. സ്റ്റെല്ലസ്

കൊല്ലം: തങ്കശ്ശേരി തീരത്ത് നിന്ന് കഴിഞ്ഞ ദിവസം കാണാതായ ഗൗരവിനെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജിതമാക്കണമെന്ന് ആവശ്യപ്പെട്ട് പോലീസിനെ സമീപിച്ചപ്പോൾ, 'നിങ്ങൾ ഡിമാൻഡ് ചെയ്തില്ലല്ലോ' എന്നായിരുന്നു ഉദ്യോഗസ്ഥരുടെ മറുപടിയെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് ആരോപിച്ചു.

കാണാതായ ഒരാളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പൊതുജനങ്ങളുടെ പ്രത്യേക 'ഡിമാൻഡ്' ആവശ്യമായി വരുന്നത് എങ്ങനെയാണെന്ന് അദ്ദേഹം ചോദിച്ചു. മൂന്ന് മക്കളെ നഷ്ടപ്പെട്ട ഒരു അമ്മ നേരിട്ട് എത്തി അന്വേഷണം ആവശ്യപ്പെട്ട ശേഷമാണ് ഭരണകൂടം ഉണർന്നതെന്ന് പറയേണ്ടി വരുന്നത് ദൗർഭാഗ്യകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

'മൂന്ന് മക്കളെ നഷ്ടപ്പെട്ട അമ്മ ആവശ്യപ്പെട്ടാൽ മാത്രമേ ഭരണകൂടം ഉണരുകയുള്ളോ? ഇതാണോ ഒരു ജനാധിപത്യ ഭരണകൂടത്തിന്റെ പ്രവർത്തനരീതി?' എന്ന് പി. സ്റ്റെല്ലസ് പ്രസ്താവനയിൽ ചോദിച്ചു. കാണാതായ ഗൗരവിനെ കണ്ടെത്തുന്നതിനുള്ള അന്വേഷണം കൂടുതൽ ഊർജിതമാക്കാൻ ബന്ധപ്പെട്ട അധികൃതർ അടിയന്തര നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## യുക്രെയ്ൻ ആക്രമണത്തിൽ റഷ്യൻ റിഫൈനറിയിൽ തീപിടിത്തം

മോസ്കോ: യുക്രെയ്നും റഷ്യയും അടി-തിരിച്ചടി തുടരുന്നു. റഷ്യയിലെ രണ്ടു പ്രധാന റിഫൈനറികൾ ലക്ഷ്യമിട്ട് യുക്രെയ്ൻ സേന ഡ്രോൺ ആക്രമണം നടത്തി.

യാരോസ്ലാവലിലെ സ്ലാവ്നെഫ്റ്റ്-യാനോസ്, ബഷ്കർറ്റോസ്റ്റാനിലെ ബാഷ്നെഫ്റ്റ്-നോവ്ഓയിൽ റിഫൈനറികളെയാണ് ആക്രമിച്ചതെന്ന് യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി അറിയിച്ചു. യാരോസ്ലാവലിൽ വൻ തീപിടിത്തമുണ്ടായതായി റഷ്യൻ അധികൃതർ സ്ഥിരീകരിച്ചു.

റഷ്യയുടെ എണ്ണ വരുമാനം തടയാൻ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്ന് സെലൻസ്കി വിശദീകരിച്ചു. കരിങ്കടലിൽ റഷ്യയുടെ പട്രോൾ ബോട്ടുകളെ ലക്ഷ്യമിട്ടും ആക്രമണം നടത്തിയതായി അദ്ദേഹം കൂട്ടിച്ചേർത്തു.



# എഐ യുഗത്തിലേക്ക് കെഎസ്ആർടിസി: കൂടുതൽ ഡിജിറ്റൽ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കും – മന്ത്രി സി പി ജോൺ



കെ എസ് ആർ ടി സിയുടെ എഐ അധിഷ്ഠിത വാട്സ്ആപ്പ് ടിക്കറ്റിങ് സംവിധാനം മന്ത്രി സി പി ജോൺ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കെ മുരളീധരൻ സമീപം.

എഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കെഎസ്ആർടിസി യെ പുതിയ യുഗത്തിലേക്ക് നയിക്കുകയാണെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ കെഎസ്ആർടിസിയുടെ എഐ അധിഷ്ഠിത വാട്സ്ആപ്പ് ടിക്കറ്റിങ് സംവിധാനം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ കസ്റ്റമർ കെയർ, നവീകരിച്ച കൊറിയർ സംവിധാനം എന്നിവ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.സ്വാതന്ത്ര്യത്തിനു മുമ്പ് തിരുവിതാംകൂർ ആരംഭിച്ച കെഎസ്ആർടിസി നിരവധി പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ പിന്തുണയോടെയാണ് ഇന്ന് സ്ഥാപനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതെന്ന് മന്ത്രി പറഞ്ഞു.ധനകാര്യ വകുപ്പിന്റെ പിന്തുണ ലഭിക്കുന്നുണ്ടെന്നും ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒന്നാം തീയതി തന്നെ ശമ്പളം വിതരണം ചെയ്യുന്ന സംവിധാനം തുടരുകയാണെന്നും വ്യക്തമാക്കി. സ്ത്രീകൾക്കായുള്ള പ്രിയദർശിനി പദ്ധതി കൂടുതൽ ജനകീയമാകുകയാണെന്നും പുതിയ എഐ അധിഷ്ഠിത വാട്സ്ആപ്പ് ടിക്കറ്റിങ് സംവിധാനത്തിലൂടെ യാത്രക്കാർക്ക് എളുപ്പത്തിൽ ടിക്കറ്റ് ബുക്ക് ചെയ്യാനാകും. 24 മണിക്കൂർ പ്രവർത്തിക്കുന്ന 149 എന്ന ടോൾഫ്രീ നമ്പറിലേക്ക് വിളിച്ച് പൊതുജനങ്ങൾക്ക് വേഗത്തിൽ വിവരങ്ങൾ അറിയാനും സാധിക്കും.ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച ഡ്രൈവർ, കണ്ടക്ടർ എന്നിവരെ എല്ലാ മാസവും തെരഞ്ഞെടുത്ത് ഡിപ്പോകളിൽ പ്രദർശിപ്പിക്കുന്ന പദ്ധതി നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. ഇതിന്റെ ഭാഗമായി മികച്ച പ്രകടനം നടത്തിയ ജീവനക്കാരെ ഈ ചടങ്ങിൽ ആദരിക്കുകയാണ്.കെഎസ്ആർടിസിയുടെ വികസനത്തിനും ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി എംഎൽഎമാരുടെ നേതൃത്വത്തിൽ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു വരികയാണ്. മന്ത്രി കെ മുരളീധരൻ ഇത്തരമൊരു കമ്മിറ്റി രൂപീകരിച്ച് മാതൃക കാട്ടി. ജനകീയവൽക്കരണവും വികേന്ദ്രീകരണവും ലക്ഷ്യമിട്ട് കെഎസ്ആർടിസിയിൽ കൂടുതൽ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജീവനക്കാർക്കും കെഎസ്ആർടിസി യൂണിറ്റുകൾക്കുമുള്ള സംസ്ഥാനതല അവാർഡുകൾ മന്ത്രി വിതരണം ചെയ്തു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ കസ്റ്റമർ കെയർ സേവനമായ 149-ന്റെയും നവീകരിച്ച കൊറിയർ സംവിധാനത്തിന്റെയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.ജനങ്ങൾക്കൊപ്പം നാടിന്റെ നന്മകൾക്കൊപ്പം എന്ന പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. 9447071021 എന്ന ഫോൺ നമ്പറിലൂടെ വാട്സ് ആപ്പ് ടിക്കറ്റ് ബുക്കിംഗ് സേവനം ലഭ്യമാകും.ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ അധ്യക്ഷത വഹിച്ചു. കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ കെ ആർ ക്ലീറ്റസ്, കെഎസ്ആർടിസി ചീഫ് അക്കൗണ്ട്സ് ഓഫീസർ അജിത് കുമാർ എന്നിവർ സംസാരിച്ചു. ചടങ്ങിൽ വിവിധ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു.

# സംസ്ഥാന പോലീസിൽ ചരിത്രപരമായ മാറ്റവുമായി 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതി ആഗസ്റ്റ് 15 മുതൽ

ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന ജനാധിപത്യ പോലീസിങ് ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിലും സ്റ്റേഷനുകളിലും സമഗ്ര മാറ്റം വരുത്തുന്ന 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിക്ക് ആഗസ്റ്റ് 15 മുതൽ തുടക്കം. പോലീസിനെ ജനങ്ങളുടെ സ്വന്തം സംവിധാനമാക്കി മാറ്റുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ മുഖഛായ മാറുമെന്നും ഇത് ചരിത്രപരമായ മാറ്റമാണെന്നും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പദ്ധതിയോടനുബന്ധിച്ച്, മുൻപ് സർക്കിൾ ഇൻസ്പെക്ടർമാർ വഹിച്ചിരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) ചുമതല ഇനി മുതൽ സബ് ഇൻസ്പെക്ടർമാർക്ക് (എസ്ഐ) നൽകും. നേരിട്ട് ജോലിയിൽ പ്രവേശിക്കുന്ന യുവതീ-യുവാക്കളായ എസ്ഐമാർക്ക് പുതിയ ചുമതലകൾ ലഭിക്കുന്നത് അവരുടെ കാര്യക്ഷമതയും തീരുമാനമെടുക്കാനുള്ള ശേഷിയും കൂടുതൽ ശക്തമാക്കും. സംസ്ഥാനത്തെ 484 ലോ ആൻഡ് ഓർഡർ പൊലീസ് സ്റ്റേഷനുകളിൽ 419 എണ്ണത്തിലാണ് സബ് ഇൻസ്പെക്ടർമാരെ എസ്എച്ച്ഒ മാരായി നിയമിക്കുന്നത്. അതേസമയം സിറ്റികളിലേതുൾപ്പെടെ മറ്റു പ്രാധാനപ്പെട്ട 64 സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാർ തന്നെ എസ്എച്ച്ഒ മാരായി തുടരുമെന്ന് മന്ത്രി പറഞ്ഞു.

63 പൊലീസ് സ്റ്റേഷനുകളിൽ വനിതാ സബ് ഇൻസ്പെക്ടർമാരാണ് എസ്എച്ച്ഒ മാരാകാൻ പോകുന്നത് എന്നത് സവിശേഷമായ നേട്ടമാണ്. മുല്ലപ്പെരിയാറിന്റെ തന്ത്രപ്രധാനമായ പശ്ചാത്തലം കണക്കിലെടുത്ത് അവിടുത്തെ എസ്എച്ച്ഒ ചുമതല ഡി.വൈ.എസ്.പി. യ്ക്ക് ആയിരിക്കും. എസ്ഐ മാർക്ക് മാർഗനിർദേശം നൽകാനും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ 200 പൊലീസ് സർക്കിളുകൾ രൂപീകരിക്കും. സ്റ്റേഷനുകളിൽ എത്തുന്ന ഓരോ വ്യക്തിയുടെയും അന്തസ്സ് മാനിച്ചുകൊണ്ട് സമയബന്ധിതമായി സേവനം നൽകി പൗരന്റെ സംതൃപ്തി ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. കസ്റ്റഡി മരണങ്ങളും കസ്റ്റഡി മർദ്ദനങ്ങളും പൂർണമായി ഇല്ലാതാക്കും.

പുതിയ എസ്എച്ച്ഒ മാർക്കും സ്റ്റേഷനുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഘട്ടംഘട്ടമായി ഓറിയന്റേഷൻ പരിശീലനം നൽകും. സർക്കിൾ ഇൻസ്പെക്ടർമാർ മുതൽ മുകളിലേക്കുള്ള സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഡിവൈ.എസ്.പി മാർക്കും പ്രത്യേക പരിശീലനം നൽകും. കീഴുദ്യോഗസ്ഥരോടും പൗരന്മാരോടും നല്ല ബന്ധം പുലർത്താനും അനാവശ്യ സമ്മർദം മൂലമുള്ള ആത്മഹത്യകൾ ഒഴിവാക്കാനും സൂപ്പർവൈസറി ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുണ്ട്. ലോൺ ആപ്പ് തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാങ്കേതിക മാറ്റങ്ങൾ പഠിക്കുകയും ഐജി സൈബർ സെക്യൂരിറ്റിയുടെ നേതൃത്വത്തിലുള്ള സംവിധാനം പ്രയോജനപ്പെടുത്തുകയും ചെയ്യും.

സംസ്ഥാനത്ത് 20 വർഷമായി നിലനിൽക്കുന്ന 'ജനമൈത്രി സുരക്ഷാ പദ്ധതി' കൂടുതൽ കാര്യക്ഷമമാക്കും. പദ്ധതിയുടെ ഭാഗമായി റേഞ്ച് ഡിഐജി മാർ തങ്ങളുടെ പരിധിയിലുള്ള സ്റ്റേഷനുകളിൽ നിന്ന് സ്വതന്ത്രമായി ഫീഡ്ബാക്ക് ശേഖരിച്ച് മാസം തോറും വിലയിരുത്തലുകൾ നടത്തും. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എഡിജിപി (ലോ ആൻഡ് ഓർഡർ) ആയിരിക്കും 'മൈ പോലീസ് സ്റ്റേഷൻ' കോ-ഓർഡിനേറ്റർ. പദ്ധതിയുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിക്കും.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരേ നിറത്തിലുള്ള പെയിന്റടിക്കും. ഒക്ടോബർ 2 ഓടുകൂടി മന്ത്രി ഓഫീസും ഹൈടെക്കാക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

വാർത്താസമ്മേളനത്തിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖറും ആഭ്യന്തര മന്ത്രിയുടെ ഉപദേഷ്ടാവായ മുൻ ഡിജിപി എ ഹേമചന്ദ്രനും സന്നിഹിതരായിരുന്നു.

# കള്ളക്കടൽ മുന്നറിയിപ്പ്: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ തീരങ്ങളിൽ ജാഗ്രത നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ (ആഗസ്റ്റ് 7) രാവിലെ 11.30 വരെ 1.1 മുതൽ 1.5 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൊഴിയൂർ വരെയും, കൊല്ലം ജില്ലയിലെ ആലപ്പാട്ട് മുതൽ ഇടവ വരെയും, ആലപ്പുഴ ജില്ലയിലെ ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെയും ജാഗ്രത പാലിക്കണം.

അതേസമയം, കന്യാകുമാരി തീരത്ത് ഇന്ന് (ആഗസ്റ്റ് 6) ഉച്ചയ്ക്ക് 2.30 വരെ 1.2 മുതൽ 1.6 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

കടലാക്രമണ സാധ്യത കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശിച്ചു. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശപ്രകാരം മാറിത്താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലിറക്കരുത്. തിരമാല ശക്തമാകുന്ന സമയത്ത് മത്സ്യബന്ധന യാനങ്ങൾ കടലിലിറക്കുന്നതും കരയ്ക്കടുപ്പിക്കുന്നതും ഒഴിവാക്കണം.

മുന്നറിയിപ്പ് പിൻവലിക്കുന്നതുവരെ ബീച്ചുകളിലെ വിനോദസഞ്ചാരവും കടലിൽ ഇറങ്ങിയുള്ള എല്ലാ വിനോദ പ്രവർത്തനങ്ങളും ഒഴിവാക്കണം.

മത്സ്യബന്ധന യാനങ്ങൾ ഹാർബറുകളിൽ സുരക്ഷിതമായി കെട്ടിയിടുകയും മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുകയും വേണം. തീരശോഷണ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രതയും പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

# കുടുംബവഴക്കിനിടെ ചില്ല് തകർത്തു; കൈമുറിഞ്ഞ് രക്തം വാർന്ന് യുവാവ് മരിച്ചു

കൊച്ചി: ഏലൂരിൽ കുടുംബവഴക്കിനെത്തുടർന്നുണ്ടായ പ്രകോപനത്തിൽ അടുക്കള വാതിലിൻറെ ചില്ല് തകർത്ത യുവാവ് കൈമുറിഞ്ഞ് രക്തം വാർന്നു മരിച്ചു. മഞ്ഞുമ്മൽ ചാലനാട്ടുവീട്ടിൽ പ്രവീൺ (49) ആണ് മരിച്ചത്. ചൊവ്വാഴ്ച രാത്രി പത്തരയോടെയായിരുന്നു സംഭവം.

വീട്ടിലെ വാക്കുതർക്കത്തിനിടയിൽ കലിപൂണ്ട പ്രവീൺ അടുക്കള വാതിലിൻറെ ചില്ല് അടിച്ചുതകർക്കുകയായിരുന്നു. ഇതിനിടയിൽ കൈയ്ക്ക് ഗുരുതരമായി പരിക്കേറ്റ രക്തം വാർന്നതിനെ തുടർന്ന് അദ്ദേഹം ഉടൻ തന്നെ കുളിമുറിയിൽ കയറി വാതിലടച്ചു. ഏറെ നേരം കഴിഞ്ഞിട്ടും വാതിൽ തുറക്കാത്തതിനാൽ വീട്ടുകാർ പരിഭ്രാന്തരായി ഏലൂർ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.

പോലീസ് സ്ഥലത്തെത്തി വാതിൽ തുറന്ന് പ്രവീണിനെ ഉടൻ തന്നെ എറണാകുളം ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും, ബുധനാഴ്ച പുലർച്ചെ മൂന്നരയോടെ മരിച്ചു. പോസ്റ്റ്മോർട്ടം നടപടികൾക്ക് ശേഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറി. ഷിംനയാണ് ഭാര്യ. ആൻഡ്രിയ, അജോയ് എന്നിവരാണ് മക്കൾ.

# ഭാര്യയ്ക്കും മക്കൾക്കും നടുറോഡിൽ ആക്രമണം; പ്രതി പിടിയിൽ

പത്തനംതിട്ട: ഭാര്യയെയും മക്കളെയും നടുറോഡിൽ ആക്രമിച്ച കേസിൽ പ്രതി പിടിയിൽ. കറുകച്ചാൽ ചൂലിപ്പുറം സ്വദേശി മനോജ് (43) ആണ് പിടിയിലായത്. കീഴ്വായ്പൂർ പോലീസ് ആണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഓഗസ്റ്റ് രണ്ടിന് ആയിരുന്നു കേസിന് ആസ്പദമായ സംഭവം.

വിവാഹമോചന കേസ് കൊടുത്തതിലുള്ള വൈരാഗ്യമാണ് ആക്രമണത്തിന് കാരണം. ഇയാൾ പതിവായി മദ്യപിച്ചെത്തി ഭാര്യയെയും മൂന്നു മക്കളെയും ഉപദ്രവിച്ചിരുന്നു. ഇതേതുടർന്ന് ഭാര്യയും മൂന്ന് മക്കളും രണ്ടു വർഷത്തിൽ അധികമായി സ്വന്തം വീട്ടിൽ ആയിരുന്നു താമസം.

അതിക്രമം സഹിക്കാനാകാതെ വിവാഹമോചന കേസ് കൊടുത്തതിലുള്ള വിരോധത്തിലാണ് ബൈക്കിലെത്തിയ പ്രതി ഭാര്യയെയും മക്കളെയും നടുറോഡിൽ ആക്രമിച്ചത്. മുഖത്തും കണ്ണിനും ഗുരുതരമായി പരിക്കേറ്റ പെൺകുട്ടിയെ മല്ലപ്പള്ളി ഗവൺമെൻറ് ആശുപത്രിയിലും തുടർന്ന് കാഞ്ഞിരപ്പള്ളി ഗവൺമെൻറ് ആശുപത്രിയിലും പ്രവേശിപ്പിച്ചു.

# കേരള ലോകായുക്തയുടെ ക്യാമ്പ് സിറ്റിംഗ് കണ്ണൂരിലും കോഴിക്കോടും

കേരള ലോകായുക്ത ആഗസ്റ്റ് മാസത്തിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാമ്പ് സിറ്റിംഗ് നടത്തും. ആഗസ്റ്റ് 18 രാവിലെ 10.30ന് കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിലാണ് ക്യാമ്പ് സിറ്റിംഗ്. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാറും ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വിയും പങ്കെടുക്കുന്ന ഡിവിഷൻ ബെഞ്ച് സിറ്റിംഗിന് ശേഷം ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വിയുടെ സിംഗിൾ ബെഞ്ച് സിറ്റിംഗും നടക്കും.

ആഗസ്റ്റ് 19 രാവിലെ 10.30ന് കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിൽ ഡിവിഷൻ ബെഞ്ച് സിറ്റിംഗ് നടക്കും. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാറും ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വിയും പങ്കെടുക്കും.ആഗസ്റ്റ് 20 രാവിലെ 10.30ന് ഇതേ വേദിയിൽ ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വിയുടെ സിംഗിൾ ബെഞ്ച് സിറ്റിംഗ് നടക്കും.

ക്യാമ്പ് സിറ്റിംഗ് ദിവസങ്ങളിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

# ഗുരുവായൂരിൽ യുവതിയെ കൊലപ്പെടുത്താൻ സ്ത്രീവേഷത്തിൽ; അഞ്ചംഗ സംഘം പിടിയിൽ

തൃശൂർ: ഗുരുവായൂരിൽ യുവതിയെ അപായപ്പെടുത്താൻ പദ്ധതിയിട്ട അഞ്ചംഗ സംഘത്തെ പോലീസ് പിടികൂടി. ഇതിൽ ഒരാൾ സ്ത്രീവേഷം ധരിച്ചാണ് സ്ഥലത്തെത്തിയത്.

തൊടുപുഴ സ്വദേശികളായ ആദർശ് (23), പ്രസാദ് (43), ഷാഹിദ് (24), സ്റ്റീഫൻ (32), ബിനീഷ് (30) എന്നിവരെയാണ് ഗുരുവായൂർ ടെമ്പിൾ പോലീസ് കസ്റ്റഡിയിൽ എടുത്തത്. ഇവരിൽനിന്ന് കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്.

തൃശൂരിലെ സ്പായിൽ ജോലി ചെയ്തുവരുന്ന തൊടുപുഴ സ്വദേശിനിയെ ലക്ഷ്യമിട്ടാണ് പ്രതികൾ എത്തിയതെന്ന് സിഐ വിനോദ് വലിയാട്ടൂർ വ്യക്തമാക്കി. സംഘാംഗമായ പ്രസാദാണ് സ്ത്രീയുടെ വേഷം ധരിച്ചിരുന്നത്. ക്ഷേത്രത്തിൻറെ പടിഞ്ഞാറേനടയിൽ വച്ച് ഇയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ പോലീസ് ചോദ്യം ചെയ്തപ്പോഴാണ് വിവരങ്ങൾ പുറത്തുവന്നത്.

താൻ ഒരു സുഹൃത്തിനെ കാണാൻ എത്തിയതാണെന്നായിരുന്നു ഇയാൾ ആദ്യം നൽകിയ മറുപടി. സംശയം തോന്നിയതിനെത്തുടർന്ന് സ്റ്റേഷനിൽ എത്തിച്ചു വിശദമായി ചോദ്യം ചെയ്തപ്പോഴാണ് കൊലപാതക ശ്രമത്തിൻറെ പദ്ധതികൾ വ്യക്തമായത്.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഗുരുവായൂരിലെ ഒരു ലോഡ്ജിൽ ഒളിവിൽ കഴിഞ്ഞിരുന്ന മറ്റു നാലുപേരെയും പോലീസ് പിടികൂടി. ഇവർ രക്ഷപ്പെടാൻ തയാറെടുക്കുന്നതിനിടയിലാണ് പിടിയിലായത്. പ്രതികളുടെ കാറിൽനിന്നാണ് കഞ്ചാവ് കണ്ടെടുത്തത്.

# ഓണക്കിറ്റും വേണ്ട;' അമ്മ'യിൽ പുകയുന്ന വിവാദം

കൊച്ചി: താരസംഘടന 'അമ്മ'യിൽ ശ്വേത മേനോൻറെ നേതൃത്വത്തിൽ നടക്കുന്ന ഓണക്കിറ്റ് വിതരണത്തിനെതിരെ ഒരു വിഭാഗം താരങ്ങൾ രംഗത്ത്. ജനറൽ ബോഡിയിൽ രാജി സമർപ്പിച്ച കമ്മിറ്റിക്ക് സംഘടനയുടെ പേരിൽ പ്രവർത്തനം നടത്താൻ അധികാരമില്ലെന്ന് ചൂണ്ടിക്കാട്ടി ഭൂരിഭാഗം താരങ്ങളും കിറ്റ് വാങ്ങാൻ തയാറായില്ല.

സംഘടനയിൽ വീണ്ടും പ്രവർത്തനം സജീവമാക്കാൻ ശ്വേതയുടെ കമ്മിറ്റി ശ്രമിക്കുന്നതിനിടെയാണ് വിവാദം കനക്കുന്നത്. വനിതാ താരങ്ങളുടെ 'പെൺമക്കൾ' എന്ന വാട്സാപ്പ് ഗ്രൂപ്പിലെ ചില അംഗങ്ങളാണ് ഓണക്കിറ്റ് നൽകുന്നതിൽ പ്രതിഷേധം ഉയർത്തിയിരിക്കുന്നത്.

രമേഷ് പിഷാരടിക്ക് അഡ്ഹോക്ക് കമ്മിറ്റിയിൽ തുടരാൻ സാധിക്കില്ലെന്ന് കോടതി ഉത്തരവിട്ടെങ്കിലും ശ്വേത മേനോന് തുടരാൻ അനുമതിയുണ്ടെന്ന് കോടതി പറഞ്ഞിട്ടില്ല. കോടതി ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് സഹപ്രവർത്തകരെ തെറ്റിദ്ധരിപ്പിച്ചാണ് അവർ ഓഫീസിൽ കയറിയിരിക്കുന്നതെന്ന് നടി ഉഷ ഹസീന ആരോപിച്ചിരുന്നു.

# പത്താം ക്ലാസ് വിദ്യാർഥിനിക്ക് പീഡനം; കേസിൽ അച്ഛനടക്കം ഏഴ് പ്രതികൾ

പത്തനംതിട്ട: പത്താം ക്ലാസ് വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ രണ്ട് പേർ അറസ്റ്റിൽ. കുട്ടിയുടെ അച്ഛൻ ഉൾപ്പെടെ ഏഴ് പേരാണ് സംഭവത്തിൽ പ്രതികളായിട്ടുള്ളത്. നിലവിൽ വാടകകെട്ടിട ഉടമയും അതേ കെട്ടിടത്തിൽ താമസിക്കുന്ന മറ്റൊരു വ്യക്തിയുമാണ് പോലീസിൻറെ പിടിയിലായിരിക്കുന്നത്.

ഏഴാം ക്ലാസിൽ പഠിക്കുന്ന കാലം മുതലാണ് കുട്ടി സ്വന്തം പിതാവിൽ നിന്നും പീഡനത്തിനിരയായത്. നിലവിൽ വിദേശത്തുള്ള കുട്ടിയുടെ അച്ഛനെ നാട്ടിലെത്തിക്കാനുള്ള നടപടികൾ പോലീസ് ആരംഭിച്ചു കഴിഞ്ഞു.സ്കൂളിൽ വച്ച് സഹപാഠികളോട് കുട്ടി തനിക്ക് നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ തുറന്നുപറയുകയായിരുന്നു. തുടർന്ന് സിഡബ്ല്യുസി (ഇണഇ) വഴി വിവരം പോലീസിന് ലഭിക്കുകയും കേസെടുക്കുകയുമായിരുന്നു.

മലയാലപ്പുഴ പോലീസാണ് ഈ കേസ് അന്വേഷിക്കുന്നത്. ഇതിൽ ഒരു കേസ് പെരുനാട് പോലീസിന് കൈമാറുമെന്നും അറിയിച്ചിട്ടുണ്ട്. പ്രതിപ്പട്ടികയിലുള്ള ബാക്കി മറ്റുള്ളവരുടെ അറസ്റ്റ് ഉടൻ തന്നെ ഉണ്ടാകുമെന്ന് പോലീസ് വ്യക്തമാക്കി.

# നാലു വയസുകാരിയെ പീഡിപ്പിച്ചു കൊന്ന കേസിൽ യുവാവ് ആറു വർഷത്തിനുശേഷം അറസ്റ്റിൽ

പാലക്കാട്: റെയിൽവേ സ്റ്റേഷൻ പരിസരത്ത് നാലു വയസുകാരി ലൈംഗികാതിക്രമത്തിന് ഇരയായി കൊല്ലപ്പെട്ട കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയ ഒന്നാം പ്രതി സുരേഷ് എന്ന റഹീം (32) ആറുവർഷത്തിനുശേഷം പിടിയിൽ.

തമിഴ്നാട്ടിൽനിന്നാണു പാലക്കാട് ടൗൺ നോർത്ത് പോലീസ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

2019 ഫെബ്രുവരിയിലായിരുന്നു കേസിനാസ്പദമായ സംഭവം. റെയിൽവേ സ്റ്റേഷൻ പരിസരത്തു തന്പടിച്ച നാടോടിസംഘത്തിലെ പെൺകുട്ടിയാണ് ആക്രമണത്തിനിരയായി മരിച്ചത്. പാലക്കാട് റെയിൽവേ സ്റ്റേഷനു സമീപത്തെ റെയിൽവേ ട്രാക്കിൽ ചാക്കിൽ പൊതിഞ്ഞ നിലയിലാണു കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. തുടർന്ന് ടൗൺ നോർത്ത് പോലീസ് നടത്തിയ അന്വേഷണത്തിലാണു കേസ് തെളിഞ്ഞത്.

കേസിലെ മുഖ്യപ്രതിയായ റഹീം ജാമ്യത്തിലിറങ്ങിയശേഷം ഒളിവിൽപോകുകയായിരുന്നു.

# അങ്കമാലിയിലെ സ്പിരിറ്റ് വേട്ട: വാഗ്ദാനം ചെയ്തത് 50,000 രൂപയെന്ന് മൊഴി

കൊച്ചി: അങ്കമാലിയിലേക്ക് സ്പിരിറ്റ് കടത്താനായി തനിക്ക് വാഗ്ദാനം ചെയ്തിരുന്നത് 50,000 രൂപയാണെന്ന് അറസ്റ്റിലായ കൊല്ലം ചാത്തന്നൂർ സ്വദേശി രതീഷിൻറെ മൊഴി. ഓണവിപണി ലക്ഷ്യമിട്ട് വ്യാജ മദ്യം നിർമിക്കാനായി സൂക്ഷിച്ചിരുന്ന 1,248 ലിറ്റർ സ്പിരിറ്റ് അങ്കമാലി എക്സൈസ് ബുധനാഴ്ച പിടികൂടിയിരുന്നു. അറസ്റ്റിലായ കൂട്ടാളി പറവൂർ സ്വദേശി രാജേഷിൻറെ നിർദേശ പ്രകാരമാണ് കർണാടകയിൽ നിന്ന് സ്പിരിറ്റ് കടത്തിക്കൊണ്ടു വന്നതെന്നും രതീഷ് മൊഴി നൽകി.കോതകുളങ്ങര ഭാഗത്ത് പൂട്ടിക്കിടന്നിരുന്ന ഹോളോബ്രിക്സ് ഗോഡൗണിലാണ് സ്പിരിറ്റ് സൂക്ഷിച്ചിരുന്നത്. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ അങ്കമാലി എക്സൈസ് ഇൻസ്പെക്ടറും സംഘവും നടത്തിയ റെയ്ഡിലാണ് സ്പിരിറ്റ് ശേഖരം കണ്ടെത്തിയത്.

ഒരു ലോഡ് സ്പിരിറ്റ് എത്തിക്കുമ്പോൾ 50,000 രൂപയാണ് ലഭിച്ചിരുന്നത്. ഹോളോബ്രിക്സ് സ്ഥാപനത്തിൻറെ നടത്തിപ്പുകാരനായ ബൈജുവിനെയും പ്രധാന പ്രതിയായ രാജേഷിനെയും കേന്ദ്രീകരിച്ച് എക്സൈസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.